TB Weekly Movie Review

**#moviepanel**

# ബനേർഘട്ട

Written By: Jithin Sreedhar

ആഷിക്ക് എന്ന ചെറുപ്പക്കാരൻ, ഒരു രാത്രി, ഒറ്റക്ക് തന്റെ വാനുമായി യാത്ര ചെയ്ത് വരുകയാണ്. റോഡ് ഏതാണ്ട് വിജനമാണ്. അതിനിടയിൽ അയാൾക്ക് വരുന്ന ഫോൺ കോളുകളിലൂടെ അയാളുടെ അത് വരെ ഉള്ള ജീവിതം നമ്മുടെ മുന്നിൽ തെളിയുന്നു. അങ്ങനെ അയാളുടെ സംസാരങ്ങളിലൂടെ മാത്രം മുന്നോട്ട് പോകുന്ന സിനിമയിൽ ഏതാണ്ട് പൂർണ്ണമായും നമ്മൾ കാണുന്നത് ആഷിക്കിനെ മാത്രമാണ്. ഇടക്ക് വഴിയിലൂടെ നടന്നു പോകുന്നവരും, അവസാനം വരുന്ന ഒന്ന് രണ്ട് പൊലീസുകാരും ഒഴികെ, ബാക്കി എല്ലാ കഥാപാത്രങ്ങളും ശബ്ദത്തിലൂടെ മാത്രമാണ് നമുക്ക് മുന്നിൽ പ്രത്യക്ഷപെടുന്നത്. അത് കൊണ്ട് തന്നെ ആഷിക്കിനെ അവതരിപ്പിച്ച കാർത്തിക്ക് രാമകൃഷ്ണൻ അഭിനന്ദനം അർഹിക്കുന്നു. അത്ര ഗംഭീരം എന്നു പറയാൻ കഴിയില്ല എങ്കിലും, മോശമാക്കാതെ അയാൾ തന്റെ വേഷം അഭിനയിച്ചിട്ടുണ്ട്. ശബ്ദത്തിലൂടെ ആഷിക്കിന്റെ ഭാര്യയെ അവതരിപ്പിച്ച അമ്പിളിയും അഭിനന്ദനം അർഹിക്കുന്നു.

ഇനി സിനിമയിലേക്ക് വരാം. സ്വന്തം പെങ്ങളുടെ കൂടെ ബാംഗ്ലൂർ, ബനേർഘട്ടയിൽ ഒരു ഇന്റർവ്യൂന് പോകാൻ പോലും കൂട്ടാക്കാതെ, മറ്റെന്തിനോ വേണ്ടി ആണ് അയാളുടെ ആ യാത്ര. എന്നാൽ, താൻ പെങ്ങളുടെ അടുത്തേക്ക് എത്തുന്നു എന്ന രീതിയിലാണ് അയാൾ അമ്മയോടും മറ്റും സംസാരിക്കുന്നത്. അങ്ങനെ യാത്രയ്ക്ക് ഇടയിൽ അയാൾക്ക് വരുന്ന ഓരോ ഫോൺ കോളുകൾ കഴിയുമ്പോഴും നമുക്ക് മനസ്സിലാകും, വിളിക്കുന്ന ഓരോരുത്തരോടും കള്ളം പറഞ്ഞു കൊണ്ടാണ് അയാളുടെ ആ യാത്ര എന്ന്. ഭാര്യയുടെ പിണക്കവും, അമ്മയുടെ ടെൻഷനും, ഇതിനിടയിൽ ഏതാണ്ട് കൈ വിട്ട് പോയിക്കഴിഞ്ഞ തന്റെ ജീവിതം വീണ്ടെടുക്കാൻ ഉള്ള അയാളുടെ വ്യഗ്രതയും ഓരോ സംസാരത്തിലൂടെയും പറയാതെ പറഞ്ഞു പോകുന്നുണ്ട്. ഇതിനിടയിൽ ബനേർഘട്ടയിൽ, രാത്രി ഒറ്റക്ക് ഒരു വഴിയിൽ നിൽക്കുന്ന പെങ്ങളുടെ ഒരു കാൾ വരുന്നതും, ഇടക്ക് അത് അത്ര ശുഭകരമല്ലാതെ നിന്നു പോകുന്നതോടും കൂടി സിനിമ ഒരു സസ്പെൻസ് മൂഡിലേക്ക് വഴി മാറുന്നു. ആ രാത്രി പെങ്ങൾക്ക് എന്ത് പറ്റി എന്നു പോലും അറിയാതെ, അത് വരെ പറഞ്ഞു കൂട്ടിയ കള്ളങ്ങളുടെ ശിക്ഷയെന്നോണം പകച്ചു നിൽക്കുന്ന ആ മനുഷ്യൻ, സ്വന്തം ജീവിതത്തിൽ എന്നപോലെ ആ യാത്രയിലും എങ്ങും എത്തിപ്പെടാൻ കഴിയാതെ പെരുവഴിയിൽ പരാജയപ്പെട്ടു വീഴുമോ, അതോ തന്റെ

പെങ്ങളെ രക്ഷിക്കുമോ എന്നത് സിനിമ കണ്ട് തന്നെ അറിയുക.

പറയുമ്പോൾ മികച്ച ഒരു കഥയുണ്ട്. പക്ഷെ, സിനിമക്ക് വേണ്ടത് മികച്ച കഥയല്ല, മികച്ച തിരക്കഥ ആണ് എന്നതിന് ഒരു ഉദാഹരണം ആണ് ഈ സിനിമ. സിനിമയുടെ പോരായ്മകളിൽ ആദ്യത്തേത് ഇതിന്റെ തിരക്കഥ തന്നെയാണ്. കഥയുമായി യാതൊരു ബന്ധവറും ഇല്ലാതെ ഇടക്ക് കയറി വരുന്ന ഒരു ഹൊറർ എൽമെന്റ്, വ്യക്തമല്ലാതെ പറഞ്ഞു പൂർത്തിയാക്കുന്ന ചില ഡയലോഗുകൾ, കൂടെ അത്ര മികച്ചത് അല്ലാത്ത ഒരു ക്യാമറയും! രാത്രിയിൽ ആണ് കഥ നടക്കുന്നത് എന്നതിനാലും, ഡയലോഗിലൂടെ ആണ് ഏതാണ്ട് മുഴുവൻ കഥയും പറഞ്ഞു പോകുന്നത് എന്നതിനാലും ഈ രണ്ട് ഘടകങ്ങളിലെ പോരായ്മകളും സിനിമയെ സാരമായി ബാധിച്ചിട്ടുണ്ട്. വിഷ്ണു നാരായണൻ സംവിധാനം ചെയ്ത ചിത്രത്തിന്റെ തിരക്കഥ അർജുൻ, ഗോകുൽ എന്നിവർ ചേർന്നാണ് എഴുതിയിരിക്കുന്നത്. ആമസോൺ പ്രൈമിൽ ഇറങ്ങിയിരിക്കുന്ന ചിത്രം, നിർമ്മിച്ചിരിക്കുന്നത് കോപ്പി റൈറ്റ് പിക്ചേർസ് ആണ്. ഒരു മികച്ച സിനിമ ആയി മാറേണ്ടിയിരുന്ന ഒരു കഥാ തന്തു, ശരാശരി സിനിമ അനുഭവം മാത്രമായി ഒതുങ്ങി പോയത് നിരാശ ഉണ്ടാക്കി എന്നത് കൂടി പറഞ്ഞു കൊണ്ട് നിർത്തുന്നു.